ശ്രീ. പി. രവീന്ദ്രൻ: കോൺട്രാക്ടർ റദ്ദുചെയ്തിട്ടാണ് ബോർഡ് പണി ആരംഭിച്ചത്. പക്ഷേ ആ കോൺട്രാക്ടർ ഹൈക്കോടതിയിൽ ഹർജികൊടുത്തു. ഇപ്പോഴ ജോലി വളരെ തൃപ്തികരമായി പുരോഗമിക്കുന്നു എന്നു കരുതുന്നില്ല.

ശ്രീ. എം. എം. തോമസ്: ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർ സഹായവും അത്യാവശ്യമായ സമയങ്ങളിൽ ബില്ലുകളും കൊടുക്കാതിരുന്നതുകൊണ്ടാണ് വർക്ക് നിറുത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ പ്രത്യേകമായി പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവേ ഇങ്ങനെയൊരു ആരോപണം കേട്ടിട്ടുണ്ട്.

ശ്രീ. എം. കൃഷ്ണൻ: ഡാമിന്റെ പണി ബോർഡ് ആരംഭിച്ചുകഴിഞ്ഞോ, അല്ലെങ്കിൽ അതിനുവേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അതിനാവശ്യമായ എല്ലാനടപടികളും ഈ പ്രശ്നത്തിന്റെ ഗൗരവം വച്ചുകൊണ്ട് പരിഗണിക്കാം.

ശ്രീ. എം. രാമുണ്ണി: കുറ്റ്യാടിയിൽ ഗവൺമെൻറിന്റെ വകയായ രണ്ടു എയർ കംപ്രസർ കൺട്രാക്ടർക്കു വിറ്റു എന്നു പറയുന്നതിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അത് ഈ പരിധിയിൽ വരാത്തതുകൊണ്ട് അതിനെപ്പറ്റിയുള്ള വിവരം ശേഖരിച്ചിട്ടില്ല.

ശ്രീ. എസ്. ദാമോദരൻ: കുറ്റ്യാടി പദ്ധതിക്കുവേണ്ടി ലക്ഷക്കണക്കിന് രൂപാ ചെലവാക്കിയിട്ടും ഇന്നും അപൂർണ്ണാവസ്ഥയിലിരിക്കുന്ന പല ഭാഗങ്ങളുമുണ്ട്. ഇത് നമ്മുടെ രാജ്യത്തിന്റെ വരുമാനത്തിൽ വമ്പിച്ച നഷ്ടമുണ്ടാക്കുമെന്നുള്ളതു പരിഗണിച്ച് ഇപ്പോഴ ആരംഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ പണി പൂർത്തിയായതിനുശേഷം മാത്രം പുതിയ വർക്കുകളും തുടങ്ങുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ചെയ്യുന്നതാണ് രാജ്യത്തിനു നല്ലത്, ഗവൺമെൻറും അങ്ങനെയാണ് വിചാരിക്കുന്നത്.

വിദ്യുച്ഛക്തി വിതരണം

*57 [224] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്)
,, കെ. ചാത്തുണ്ണി മാസ്റ്റർ
,, എസ്. ദാമോദരൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, റ്റി. എം. മീതിയൻ
,, വി. ശ്രീധരൻ
,, എം. കെ. എ. ഹമീദ് താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ സംസ്ഥാനത്തെ വിദ്യുച്ഛക്തി ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലുള്ള പോരായ്മകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ടു ചെയ്യുവാൻ ഒരു കമ്മീഷനെ നിയമിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചുവോ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ എത്രത്തോളം ഇതിനകം നടപ്പാക്കി കഴിഞ്ഞു;

(ഡി) കമ്മീഷനു വേണ്ടി എന്തു തുക സർക്കാർ ചെലവഴിക്കുകയുണ്ടായി?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) നിയമിച്ചിരുന്നു.

(ബി) ലഭിച്ചു.

(സി) വിദ്യുച്ഛക്തിയുടെ ഉൽപാദന ശേഷി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി നടപടികൾ എടുക്കുക, വിദ്യുച്ഛക്തി വിതരണത്തിനാവശ്യമായ ട്രാൻസ്മിഷൻ ലൈനുകളും സബ്സ്റ്റേഷനുകളും സ്ഥാപിക്കുക കണക്ഷൻ വേണ്ടവർക്ക് അത് നൽകുന്നതിന് വേണ്ട നടപടികൾ എടുക്കുക കറൻറ് ബിൽ തയ്യാറാക്കുന്നതിലും ചാർജ് ഈടാക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കുക ഇവയാണ് പ്രധാനപ്പെട്ട ശുപാർശകൾ. ആവശ്യമായ ട്രാൻസ്മിഷൻ ലൈനുകളുടെ പണിപൂർത്തിയാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാവിയിലെ ആവശ്യത്തിന് അനുയോജ്യമായ വിധത്തിൽ ട്രാൻസ്മിഷൻശൃംഖലപ്പെടുത്താൻ പരിപാടികൾ തയ്യാറാക്കി വരികയാണ്. സബ്സ്റ്റേഷനുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ട്രാൻസ്ഫോമർ, മറ്റ് ഉപകരണങ്ങൾ എന്നിവ ഓർഡർ ചെയ്തിട്ടുണ്ട്. 1967–68–ൽ 25,000–ൽപ്പരം അപേക്ഷകർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. കറൻറ് ബിൽ തയ്യാറാക്കുന്നതിലും മറ്റുമുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഇലക്ട്രിസിറ്റി ബോർഡ് എടുത്തുവരുന്നു.

(ഡി) 3,000 രൂപ.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഗവൺമെൻറ് നടപ്പാക്കാത്ത പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്, കമ്മീഷന്റെ അംഗങ്ങൾ ആരൊക്കെയാണ്?

ശ്രീ. പി. രവീന്ദ്രൻ: കമ്മീഷൻ ഒരു ഏകാംഗ കമ്മീഷൻ ആയിരുന്നു. മുൻപ് ഇലക്ട്രിസിറ്റി ബോർഡിൽത്തന്നെ ഉണ്ടായിരുന്ന കെ. പി. എസ്. നായരായിരുന്നു. അദ്ദേഹത്തെ One man കമ്മീഷനായി നിയമിക്കുകയാണുണ്ടായത്. അദ്ദേഹം റഫർചെയ്തിട്ടുള്ളതിൽ മിക്കവാറും എല്ലാ ശുപാർശകളും ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. ആ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ഞാൻ നേരത്തേ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എസ്. ദാമോദരൻ: ഇന്നു നമ്മുടെ സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിൽ കറൻറ് സപ്ലൈ ചെയ്തു കഴിഞ്ഞാൽ അത് കൃത്യമായി നോക്കാൻ സാധിക്കാത്തതുകൊണ്ട് സ്ട്രീറ്റ് ലൈറ്റുകളും മറ്റും പല ദിവസങ്ങളായി പ്രയോജനപ്പെടാതെ കിടക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത്തരം നടപടി ഒഴിവാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: നിരവധി പഞ്ചായത്തുകൾ, സ്ട്രീറ്റ് ലൈറ്റുകൾ ശരിയായി കത്തുന്നില്ലെന്ന് പരാതിപ്പെട്ടിട്ടുണ്ട്. അതു കഴിയുംവേഗം ഒഴിവാക്കണമെന്നു ബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ദാമോദരൻ: ഇപ്പോഴും അതു തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. രവീന്ദ്രൻ: ഏതെങ്കിലും പ്രത്യേക കേസ് ചൂണ്ടിക്കാണിച്ചാൽ ഉടൻ നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിന്റെ തകരാറുകൊണ്ട് ഇപ്പോഴും പണി പൂർത്തിയാക്കിയിട്ടും കമ്മീഷൻ ചെയ്യാൻ കഴിയാതെയും കറൻറ് ജനറേറ്റുചെയ്യാൻ ഉള്ള കപ്പാസിറ്റി ഉണ്ടായിട്ടും ഉപയോഗിക്കാൻ കഴിയാതെയും എന്തു കപ്പാസിറ്റി കാണുമെന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: കൃത്യമായ കണക്ക് എനിക്ക് പറയാൻ സാധ്യമല്ല. ഈ കാര്യങ്ങളെ സംബന്ധിച്ച് ഈ സഭയിൽ വിശദമായ ചർച്ച നടന്നിട്ടുണ്ട്. ചില തകരാറുകൾ അതിനകത്തുണ്ടെന്നുള്ളത് ഗവൺമെൻറിനു ബോധ്യമുണ്ട്.

ശ്രീ. ടി. എം. മീതിയൻ: ബില്ലിംഗ് യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ലാതെയാണ് നടക്കുന്നതെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ബില്ലിംഗ് യൂണിറ്റിൽനിന്നും ബില്ലു തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നും തയ്യാറാക്കുന്ന ബില്ലുകൾ കൃത്യമായി പരിശോധിച്ചിട്ടില്ലെന്നുമുള്ളപരാതി കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇത്തരം പരാതികൾ ധാരാളം ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ബില്ലുതയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അതിൽ അപര്യാപ്തതയുണ്ടെങ്കിൽ കൂടുതൽ നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. എം. കെ. എ. ഹമീദ്: ട്രാൻസ്ഫാർമറുകൾ റിപ്പയർ ചെയ്യുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നുഎന്നും അതുമൂലം നൂറുകണക്കിന് ട്രാൻസ്ഫാമറുകൾ കെട്ടികിടക്കുന്നുഎന്നും ഈ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ഈ പോരായ്മ പരിഹരിക്കുന്നതിന് എന്തെങ്കിലും ഫലപ്രദമായ നടപടിയെടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്താണ്?

ശ്രീ. പി. രവീന്ദ്രൻ: ഇതിനകത്തു ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകൾ ചൂണ്ടിക്കാണിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം ഇലക്ട്രിസിറ്റിബോർഡിനു നൽകിയിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക കേസുകളിൽ അത്തരം നടപടി സ്വീകരിക്കാതെയുണ്ടെങ്കിൽ അതു പരിശോധിച്ചു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: ബില്ലിംഗ് സംപ്രദായത്തിലുള്ള പോരായ്മ പരിഹരിക്കുന്നതിന് ഇലക്ട്രിസിറ്റിബോർഡിലുള്ള ജൂനിയർ ഇഞ്ചിനീയർമാർ ചേർന്ന് ഒരു പദ്ധതി ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു. അതിനെസംബന്ധിച്ച എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ പദ്ധതി സമർപ്പിച്ചിട്ടുണ്ടെന്നുള്ളത് അറിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതനുസരിച്ച് പരിശോധിച്ചു നോക്കാം.

ശ്രീ. പി. പി. ജോർജ്: വിദ്യുച്ഛക്തിയുടെ ചാർജ് വർദ്ധിപ്പിക്കണമെന്ന് ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്, ജനുവരി 1-ാം തീയതിമുതൽ ചാർജ് വർദ്ധിപ്പിക്കാൻ എന്താണുകാരണം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: റിപ്പോർട്ടിൽ ചാർജ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചും പ്രത്യേകിച്ചും ഒന്നും പറഞ്ഞിട്ടില്ല. ചാർജ് വർദ്ധിപ്പിച്ചിട്ടില്ലെന്നുള്ളതു ശരിയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ബില്ലിംഗ് സമ്പ്രദായത്തിനു മദ്രാസ് സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും വളരെ ഫലപ്രദമാണെന്നുള്ളതു കൊണ്ട് ആ നടപടി ഇവിടെയും സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അതു പരിശോധിച്ചുനോക്കാവുന്നതാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: നമ്മുടെ സംസ്ഥാനത്ത് ഇന്നുണ്ടാകുന്ന വിദ്യുച്ഛക്തിസ്തംഭനം വളരെ കൂടുതലാണെന്നുള്ളതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഇതുനിമിത്തം ആശുപത്രികളിലും മറ്റുരോഗികളുടെ ജീവൻ തന്നെ നഷ്ടപ്പെടുന്നസംഭവങ്ങളും ഉണ്ടാകുന്നു എന്നുള്ളതുകൊണ്ട് വിദ്യുച്ഛക്തിസ്തംഭനം ഒഴിവാക്കാൻ ആവശ്യമായ നടപടി എടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ആശുപത്രികളിൽമാത്രമല്ല, വ്യവസായ സ്ഥാപനങ്ങളിലും ഈ ബുദ്ധിമുട്ടു നേരിടുന്നുണ്ടെന്നു നേരിട്ട് അറിവു കിട്ടിയിട്ടുണ്ട്. സാങ്കേതികമായ തകരാറുകളും ഒഴിവാക്കാൻ ഇലക്ട്രിസിറ്റി ബോർഡിനോടാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ആവശ്യമായ ട്രാൻസ്ഫോർമറുകളും ഇല്ലാത്തതിന്റെഫലമായി പല സ്ഥലത്തും കണക്ഷൻ കൊടുക്കാൻ താമസം നേരിടുന്നുണ്ട്. കണക്ഷൻ കൊടുക്കാൻ കഴിയാതെയും വരുന്നുണ്ട്, അതേസമയം ട്രാൻസ്ഫോർമറുകളും ചിലയിടങ്ങളിൽ കെട്ടിക്കിടക്കുന്നുമുണ്ട്. അതുകൊണ്ട് ആവശ്യമായ വോൾട്ടേജുള്ള ട്രാൻസ്ഫോർമറുകളും നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെയുള്ള വൈരുദ്ധ്യമുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം.

ശ്രീ. കെ. കരുണാകരൻ: ജനറേറ്റുചെയ്യുന്ന പൗവ്വർ ശരിയായി വിതരണം ചെയ്യാൻ സാധിക്കാത്ത പരിതഃസ്ഥിതിയുണ്ടായിരുന്നു. കൂടുതൽ പൗവ്വർ വിതരണംചെയ്യുന്നതിനു ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ ലൈൻ ശരിപ്പെടുത്തുന്നതിനു ശ്രദ്ധിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ശ്രദ്ധിക്കാം. ജനറേഷനും ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷനും സമാന്തരമായി വികസിപ്പിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: വേസ്റ്റിന്റെ ശതമാനം കുറവുചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഉണ്ട്. ആ നിർദ്ദേശം അനുസരിക്കണമെന്ന് ഇലക്ട്രിസിറ്റിബോർഡിനോടാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: രണ്ടു വർഷം മുമ്പ് റിപ്പോർട്ടു കിട്ടിയശേഷം ഇലക്ട്രിസിറ്റിവിതരണം കുറേക്കൂടി വേഗതയിലാക്കാനുള്ള ശ്രമം നടത്തുമെന്നു പറഞ്ഞിട്ട് ഇപ്പോഴും കണക്ഷനുവേണ്ടി എത്ര അപേക്ഷകരും പെൻഡിംഗിലുണ്ടെന്നു പറയാൻകഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി രവീന്ദ്രൻ: എത്രയെന്നു പറയാൻ കഴിയുകയില്ല, വളരെയധികം കാണും.

ശ്രീ. എ. പി. കുര്യൻ: കൂടുതൽ വേഗത്തിൽ കണക്ഷൻകൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണെന്നു പറഞ്ഞു. നടപടികളുടെ ഒരു ഏകദേശവിവരണം പറയാൻ കഴിയുമോ?

ശ്രീ. പി. രവീന്ദ്രൻ: പ്രത്യേകചോദ്യം ചോദിക്കണം.

ശ്രീ. പി. കുഞ്ഞൻ: കൺസ്യൂമർമാരുടെ വൈപുല്യം പരിഗണിച്ചുകൊണ്ട് ബില്ലിംഗ്സെക്ഷൻ ആവശ്യമായ നിലയിൽ പുനർവിഭജനം നടത്താൻ നടപടിയെടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ബില്ലിംഗിലെ താമസം ഒഴിവാക്കാൻ നിരവധി നടപടികളും ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. തകരാറുകളുണ്ടെങ്കിൽ പരിഹരിക്കാൻ ഗവൺമെന്റു തയ്യാറാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇലക്ട്രിസിറ്റിബോർഡിൽ വളരെ കുഴപ്പങ്ങളുണ്ടെന്ന് ആവർത്തിച്ചാവർത്തിച്ച് ഈ നിയമസഭയിൽ പറയുകയും കുഴപ്പങ്ങളും പരിഹരിക്കുന്നതിന് ഉത്തരവുകൊടുക്കുന്നതാണെന്നു പറയുകയും ചെയ്യാറുണ്ട്. പിന്നെയും കുഴപ്പങ്ങളും ഉള്ളതായി പറയുമ്പോഴും ഗവൺമെന്റിന്റെ നിർദ്ദേശം ഇലക്ട്രിസിറ്റിബോർഡ് വകവയ്ക്കുന്നില്ലെന്നേ കേൾവിക്കാർക്കു തോന്നുകയുള്ളൂ: അതുപോലെ ഗവൺമെന്റിനു തോന്നാറുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: മേൽപറഞ്ഞതുപോലെ പല കുഴപ്പങ്ങളും ഇലക്ട്രിസിറ്റിബോർഡിൽ ഉണ്ടെന്നു ഗവൺമെന്റിനു തോന്നുന്നില്ല. പ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നിർദ്ദേശങ്ങളും നൽകിയിരുന്നു. ഇലക്ട്രിസിറ്റിബോർഡ് അതു നിസ്സാരമായി കാണുകയില്ല എന്നാണ് ഗവൺമെന്റിന്റെ വിശ്വാസം.

ഇലക്ട്രിസിറ്റിബോർഡിനു കൊടുക്കുന്ന നിർദ്ദേശങ്ങളും ബോർഡു തിരസ്ക്കരിക്കുന്നുവെന്നുള്ള സംശയം ഗവൺമെന്റിനില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷനെസംബന്ധിച്ചിടത്തോളം ബഡ്ജറ്റുചെയ്തിട്ടുള്ള തുകയനുസരിച്ച് പ്രോഗ്രസ് എല്ലായിടത്തും ഒരു പോലെയല്ല. പല സാങ്കേതിക കാരണങ്ങളും കൊണ്ടു നടക്കാതിരിന്നിട്ടുണ്ട്. ഇപ്പോഴും ആ സാങ്കേതിക തടസ്സങ്ങളും നീങ്ങിയതുകൊണ്ട് കഴിഞ്ഞവർഷത്തെപ്പോലെയോ അതിൽകൂടുതലായിട്ടോ സാങ്ഷൻചെയ്യാൻ പ്രത്യേകം നിർദ്ദേശം നൽകുമോ?

ശ്രീ. പി. രവീന്ദ്രൻ: മെറ്റീരിയൽസിന്റെ അഭാവം മൂലം ആവശ്യം അനുസരിച്ചു സാധിക്കുകയില്ല.

ശ്രീ. ഇ. അഹമ്മദ്: പുതിയ കണക്ഷൻകൊടുക്കുന്നതിനു മുൻപു പറഞ്ഞത് കാൽ ഇല്ല എന്നായിരുന്നു. ഇപ്പോൾ കാൽ ഉണ്ട്, കമ്പിയില്ല എന്നാണ് അറിയുന്നത്. ഈ കമ്പിയും കാലും ഇലക്ട്രിസിറ്റിബോർഡ് ആരിൽനിന്നാണ് വാങ്ങുന്നത്? എന്തുകൊണ്ടാണ് കിട്ടാത്തത്?

ശ്രീ. പി. രവീന്ദ്രൻ: കാലും കമ്പിയും ഒരുമിച്ച് കിട്ടാൻ ഊർജ്ജിതമായ നടപടികളും എടുത്തുകൊണ്ടിരിക്കുന്നുവെന്നാണ് ഇലക്ട്രിസിറ്റിബോർഡുചെയർമാൻ എന്നെ അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഉൽപാദനച്ചെലവിന്റെ വർദ്ധനവിന്റെപേരിൽ ഇലക്ട്രിസിറ്റിയുടെ റേറ്റ് വർദ്ധിപ്പിക്കുകയും അതേ സമയം കുറഞ്ഞറേറ്റിനു നേരിട്ടല്ലാതെ സബ്സ്റ്റേഷൻവഴി വിതരണം ചെയ്യുന്ന നടപടി തുടരുകയുംചെയ്യുന്ന സംപ്രദായംമാറ്റി, ഇന്നു സബ്സ്റ്റേഷൻവഴി വിതരണം ചെയ്യുന്ന രീതിക്കുപകരം, നേരിട്ടു ഇലക്ട്രിസിറ്റി ബോർഡിൽനിന്നു ചെയ്തു നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇത് സജീവമായ പരിഗണനയിലിരിക്കുന്ന ഒരു കാര്യമാണ്.

ശ്രീ. സി. കണ്ണൻ: നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യമനുസരിച്ച് ഇവിടെ കറൻറ് ജനറേറ്റ് ചെയ്യാൻ സാധിക്കുന്ന അവസരത്തിൽ, കണ്ണൂർ ജില്ലയിൽ മൈസൂർ സ്റ്റേറ്റ് കറൻറാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. അതുകൊണ്ട് ആവശ്യത്തിനു മതിയായ കറൻറ് കിട്ടുന്നില്ല; കിട്ടുന്നതുതന്നെ വളരെ ലോ വാൾട്ടേജിലുള്ളതാണ് എന്നുള്ളത് മനസിലാക്കി ഇത് അടിയന്തിരമായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പരിഗണിക്കുന്നതാണ്.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി: പല പഞ്ചായത്തുകളിലും മിനിമം ഗാരണ്ടി എക്സ്റ്റൻഷൻ ചെയ്തിട്ട് അഞ്ചും ആറും വർഷമായിട്ടും കണക്ഷൻ കൊടുക്കാതിരിക്കുന്നുണ്ട്. അതിന്റെ കാരണമെന്താണ്? തൃശ്ശൂരിൽ പലയിടത്തും കിട്ടിയിട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ: പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ സാമ്പത്തിക വർഷത്തിൽ സാങ്ഷൻചെയ്ത, സാങ്കേതിക കാരണങ്ങളാൽ പൂർത്തിയാക്കാൻ സാധിക്കാത്ത വർക്കുകൾ അടുത്ത വർഷത്തിൽ തുടരാൻ തീരുമാനമെടുക്കുമോ? അല്ലെങ്കിൽ അടുത്ത വർഷത്തേയ്ക്ക് അനുവദിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പരിശോധിച്ചു നോക്കിയ ശേഷമേ പറയാൻ സാധിക്കൂ.

ശ്രീ. ഇ. അഹമ്മദ്: മീറ്റർ ചെയ്യാതെ കറൻറ് ഉപയോഗിക്കുന്നതു തടയാൻ വല്ല മാർഗ്ഗവുമുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: നിരവധി നിർദ്ദേശങ്ങളുണ്ട്.

ശ്രീ. സി. കണ്ണൻ: മൈസൂർ കറൻറ് വേണ്ടെന്നു വയ്ക്കാമെന്ന് ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. കൂടുതൽ സബ് ആഫീസുകൾ വയ്ക്കാൻ തീരുമാനിച്ചു എന്നും പറഞ്ഞിരുന്നു. കണ്ണൂർ തന്നെ ഹോസ്ദുർഗ്ഗിൽ ഒരു സബ് ആഫീസ് തുറന്നതുപോലും വേണ്ടെന്നുവയ്ക്കാൻ കാരണമെന്താണ് എന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: കാരണമെന്താണ് എന്നു പറയാൻ എനിക്ക് നിവർത്തിയില്ല. ഇലക്ട്രിസിറ്റി ബോർഡ്, ആവശ്യമുണ്ടോ എന്നു പരിശോധിച്ചു വരുന്നു എന്നാണെനിവ്.

LIBRARY ARCHIVES Kerala Legislative Assembly